കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 29.05.2020

# ആലപ്പുഴ ബൈപ്പാസ് യാഥാർത്ഥ്യത്തിലേയ്ക്ക് - മന്ത്രി ജി.സുധാകരൻ

ആലപ്പുഴ നിവാസികളുടെ സ്വപ്നമായ ബൈപ്പാസിന്റെ കുതിരപ്പന്തി ഭാഗത്തെ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ ഗർഡറുകൾ സ്ഥാപിക്കുന്നതിന് റെയിൽവേ അനുമതി നൽകിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

ആലപ്പുഴ ബൈപ്പാസിന്റെ ഭാഗമായ രണ്ട് റെയിൽവേ ഓവർബ്രിഡ്ജുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേ ഉന്നയിച്ചിരുന്ന സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിച്ച് ഒരു ഓവർബ്രിഡ്ജിന്റെ ഗർഡറുകൾ സ്ഥാപിക്കുന്നത് ജനുവരി മാസത്തോടുകൂടി പൂർത്തിയാക്കിയിരുന്നു. ഒന്നാമത്തെ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലാണ്. രണ്ടാം ഓവർബ്രിഡ്ജിന്റെ ഗർഡറുകൾ സ്ഥാപിക്കുന്നതിന് റെയിൽവേ ഉന്നയിച്ചിരുന്ന സാങ്കേതികമായ പ്രശ്നങ്ങൾ പരിഹരിച്ചിരുന്നെങ്കിലും ഗർഡറുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്ന കാര്യത്തിൽ കാലതാമസം നേരിട്ടിരുന്നു. അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് നിരവധി തവണ റെയിൽവേ മന്ത്രിയ്ക്കും റെയിൽവേ ബോർഡ് ചെയർമാനും കത്തയക്കുകയും ഉദ്യോഗസ്ഥതലത്തിൽ നടത്തിയ സമ്മർദ്ദങ്ങളുടെയും ഫലമായാണ് ഇപ്പോൾ അനുമതി ലഭിച്ചതെന്ന് മന്ത്രി അറിയിച്ചു.

അനുമതി ലഭ്യമായതോടെ എത്രയും വേഗം ഗർഡറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുമെന്നും രണ്ട് മാസം കൊണ്ട് ഓവർബ്രിഡ്ജിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. കളർകോട്, കൊമ്മാടി എന്നീ ജംഗ്ഷനുകളുടെ വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ 70 ശതമാനം പൂർത്തിയായതായും എത്രയും വേഗം ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഓഗസ്റ്റ് മാസത്തോടെ ബൈപ്പാസ് നാടിന് സമർപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി അറിയിച്ചു.

ആലപ്പുഴ ബൈപ്പാസ് യാഥാർത്ഥ്യമാക്കുന്നതിന് ഗർഡറുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയ റെയിൽവേയ്ക്ക് നന്ദി രേഖപ്പെടുത്തുന്നതായി മന്ത്രി ജി. സുധാകരൻ പറഞ്ഞു.